# പത്തനംതിട്ട ജില്ല

## തദ്ദേശ അദാലത്ത് – 10/09/2024

| | | |
|---|---|---|
| ഡോക്കറ്റ് നമ്പർ | : | BPPTA 10374000002 |
| അപേക്ഷകൻറെ പേര് മേൽവിലാസം | : | ശ്രീ. സുനിൽകുമാർ ആർ, പ്രണവം സ്റ്റോർസ്, ചാലാപ്പള്ളി പി.ഒ |
| തദ്ദേശസ്ഥാപനത്തിലെ ഫയൽ നമ്പർ | : | |
| അപേക്ഷയുടെ തരം | : | ബിൽഡിംഗ് പെർമിറ്റ് |

**പരാതിയുടെ സംക്ഷിപ്തം:**

വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന അപേക്ഷ -സംബന്ധിച്ച്

**തദ്ദേശസ്വയംഭരണ സ്ഥാപനം /ഉപജില്ലാ അദാലത്ത് സമിതി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്:**

ടിയാന്റെ പിതാവ് ഉദ്ദേശം 60 വർഷങ്ങൾക്ക് മുതൽ വ്യാപാരം നടത്തി വന്നിരുന്ന കട പിതാവിന്റെ മരണ ശേഷം മകനായ താൻ ഉപജീവനത്തിനായി നടത്തി വരുകയായിരുന്നെന്നും 2017 ജനുവരി 17 ന് ടി കടക്ക് തീപിടിച്ച് ഭാഗികമായി കത്തി നശിക്കുകയും പിന്നീട് ടി സ്ഥലത്ത് തന്നെ പഞ്ചായത്തത്തിന്റെ കെട്ടിട നിർമ്മാണ അനുമതി കൂടാതെ പുനർ നിർമ്മിക്കുകയും ചെയ്തെന്നും കട കത്തി നശിച്ചതിനെ തുടർന്ന് മുൻപുണ്ടായിരുന്ന കെട്ടിട നമ്പർ പഞ്ചായത്ത് ക്യാൻസൽ ചെയ്തെന്നും പുതിയതായി പുനർ നിർമ്മിച്ച കടയ്ക്ക് കൊറ്റനാട് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ നൽകുന്നില്ല എന്നതാണ് പരാതിയുടെ ഉള്ളടക്കം
പുനർ നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് നടത്തിയിട്ടുള്ളതെന്നും കേരള പഞ്ചായത്ത് രാജ്സെക്ഷൻ 220 (b ) പ്രകാരമുള്ള ദൂര പരിധി തൊട്ടടുത്ത PWD റോഡുമായി പാലിക്കാത്തതിനാൽ UA നമ്പർ നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ആകസ്മികമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ തീപിടിത്തം മുതലായവ നിമിത്തം നിലവിൽ ഉണ്ടായിരുന്ന കെട്ടിടം നശിക്കുകയും ഉപയോഗ്യമല്ലാതാവുകയും ചെയ്താൽ അതെ സ്ഥലത്ത് കെട്ടിടം പുനർ നിർമ്മിക്കുന്നതിന് ഇളവുകൾ നൽകുന്നതിന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണം ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ഇല്ലാത്തതിനാൽ ബഹു: സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തി ഇപ്രകാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ജില്ലാ അദാലത്ത് സമിതിയിലേക്ക് കൈമാറുന്നു

**ജില്ലാതല അദാലത്ത് സമിതി തീരുമാനം/ശിപാർശ:**

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 (b ) പാലിക്കുന്നില്ല എന്നതിനാൽ കെട്ടിട നമ്പർ നൽകുന്നതിന് കഴിയില്ല എന്ന് തീരുമാനിച്ചു.

**ജില്ലാതല അദാലത്ത് സമിതി അംഗങ്ങൾ :**

1) രശ്മി മോൾ കെ, ജോയിൻറ് ഡയറക്ടർ, പത്തനംതിട്ട
2) അരുൺ ജി, ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട
3) അനിത .എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ
4) രാജ് കുമാർ ജി, കൺവീനർ, അസി. ഡയറക്ടർ

Ecnd